

THURSDAY 04.04.2024 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**


Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 04/04/2024

1. കേരള കർഷക ക്ഷേമനിധി ബോർഡിൽ അംഗമാകുന്നതിന് www.kfwfb.kerala.gov.in എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷന് വയസ്സ് തെളിയിക്കുന്ന രേഖ, ആധാർ, വില്ലേജ് ഓഫീസറിൽ നിന്ന് ലഭിക്കുന്ന വാർഷിക വരുമാന സർട്ടിഫിക്കറ്റ്, കൃഷി/കൃഷി അനുബന്ധ/ കാർഷിക പ്രവർത്തനം സംബന്ധിച്ച കർഷകന്റെ സത്യപ്രസ്ഥാവന, കൃഷി അനുബന്ധ മേഖലയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം (കൃഷി ഓഫീസർ ഒഴികെ), ബാങ്ക് പാസ് ബുക്ക് പകർപ്പ്, ഭുമി നികുതി രസീത് / ഭൂമി രേഖ പാസ്സ്പോർട്ട് സൈസ് ഫോട്ടോ മുതലായവയാണ് ആവശ്യമായ രേഖകൾ. പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് ക്ഷേമനിധി പെൻഷൻ, അനാരോഗ്യ ആനുകൂല്യം, കുടുംബ പെൻഷൻ, അവശതാ ആനുകൂല്യങ്ങൾ, ചികിത്സാസഹായം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, ഒറ്റത്തവണ ആനുകൂല്യം, വിദ്യാഭ്യാസ, ധനസഹായം, മരണാനന്തര ആനുകൂല്യം എന്നീ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

2. കാർഷിക മേഖലയിലെ ഇൻപുട്ട് ഡീലർമാർക്കും സംരംഭകർക്കുമായി നടത്തുന്ന ഡിപ്ലോമ ഇൻ അഗ്രിക്കൾച്ചർ എക്സ്ടെൻഷൻ സർവീസ് ഫോർ ഇൻപുട് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. 48 ആഴ്ച ദൈർഘ്യമുള്ള പ്രോഗ്രാമിൽ 80 സെഷനുകളും എട്ട് ഫീൽഡ് സന്ദർശനങ്ങളും ഉൾപ്പെടുന്നു. 20,000 രൂപ കോഴ്സ് ഫീസുള്ള പ്രസ്തുത കോഴ്സിലേക്ക് കൃഷി ഭവനിൽ ലഭ്യമായ അപേക്ഷകൾ പൂരിപ്പിച്ച് കൃഷി ഓഫീസറുടെ ശുപാർശ സഹിതം ഈ മാസം 15 ന് (15/04/2024) മുമ്പായി തിരുവനന്തപുരം ആത്മ പ്രോജക്ട് ഡയറക്ടറേറ്റിൽ അപേക്ഷ നൽകണം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷി ഭവനുമായി ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. ഇടുക്കി ജില്ലയിലെ ചക്കുപള്ളം അണക്കര യൂണിറ്റ് കിസ്സാൻ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ അണക്കരയിലെ സാധാരണ ജനങ്ങൾക്കായി സമർപ്പിക്കുന്ന 'കാർഡമം പ്രോസസിംഗ് സെൻ്റർ' ഇന്ന് (04.4.2024 ) രാവിലെ 10.30 ന് പ്രവർത്തനമാരംഭിക്കുന്നു. കർഷക കൂട്ടായ്മയുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന ഈ സ്ഥാപനത്തിൽ രാസവസ്തുക്കൾ ചേർക്കാതെ, ഗുണമേന്മ നിലനിർത്തി മിതമായ നിരക്കിൽ ഏലയ്ക്കാ ഉണങ്ങി ഗ്രേഡ് ചെയ്ത് കൊടുക്കുന്നതാണ്. കൂടാതെ കുരുമുളകും ഉണക്കി നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9447893317, 04868 299997, 9447826060.

4. തിരുവനന്തപുരം പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടത്തിൽ പ്ലാവ് (മുട്ടൻവരിക്ക, ചെമ്പരത്തി വരിക്ക, തേൻവരിക്ക) മുതലായ തൈകൾ, കമ്പോഡിയൻ ഓറഞ്ച്, മാവ് (ഗ്രാഫ്റ്റ്, കോട്ടുകോണം, ചാന്ദ്രക്കാരൻ, നീലം), സപ്പോർട്ട ഗ്രാഫ്റ്റ്, തായ്‌ലൻ്റ് ജാംബ, പേര, നാരകം പതിത്തൈകൾ, കമുകുതൈ, തെങ്ങിൻതൈ (WCT, കുള്ളൻ), പച്ചക്കറി വിത്ത് തൈകൾ ഫലവർഗതൈകൾ, ടിഷ്യൂകൾച്ചർ ബനാന എന്നിവ ലഭ്യമാണ്. വിളിക്കേണ്ട ഫോൺ നമ്പർ 9383470306. .

5. വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറിത്തോട്ടത്തിൽ ഐഐ.എസ്.ആർ, പന്നിയൂർ 2 ഇനങ്ങളുടെ സിംഗിൾ നോഡ് കട്ടിങ്ങുകൾ, പന്നിയൂർ, കരിമുണ്ട ഇനങ്ങളുടെ വേരുപിടിപ്പിച്ച തൈകൾ, അകത്തളച്ചെടികളുടെയും ഉദ്യാനച്ചെടികളുടെയും തൈകൾ, ഗോൾഡൻ സൈപ്രസ് തൈകൾ, പാഷൻഫ്രൂട്ട് തൈകൾ, സുരിനാം ചെറി തൈകൾ, പെപ്പിനോ തൈകൾ, മുളക്, കത്തിരി, തക്കാളിതൈകൾ, കോവൽതണ്ടുകൾ, കറിവേപ്പുതൈകൾ എന്നിവ ലഭ്യമാണ്. ഫോൺ നമ്പർ 9383470834.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**പരിശീലന പരിപാടി**

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "പഴം-പച്ചക്കറി സംസ്കരണവും വിപണനവും" എന്ന ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. മലയാള ഭാഷയിൽ ഉള്ള ഈ കോഴ്സിന്റെ ദൈർഘ്യം മൂന്ന് മാസമാണ്. താല്പര്യമുള്ളവർക്ക് www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്റ്റ്രേഷൻ ഫോറം പൂരിപ്പിച്ചു സമർപ്പിക്കാവുന്നതാണ്. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. കോഴ്സ് ആരംഭിക്കുന്ന തിയ്യതി: 2024 ഏപ്രിൽ 17. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി: 2024 ഏപ്രിൽ 16. കൂടുതൽ വിവരങ്ങൾ പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 04872438565, 8547837256, 9497353389 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

7. **കാർഷിക നിർദ്ദേശം**

തക്കാളിക്കായുടെ അഗ്രഭാഗം കറുത്തുകാണപ്പെടാറുണ്ട്. കാൽസ്യത്തിന്റെ അഭാവം കായവളർച്ചയെ സാരമായി ബാധിക്കുന്നതിനാലാണിത്. ഇതിനു പ്രതിവിധിയായി, മണ്ണൊരുക്കുമ്പോൾത്തന്നെ, സെൻറിന് 3 കിലോഗ്രാം എന്നതോതിൽ കുമ്മായം ചേർത്തുകൊടുത്താൽ ആവശ്യമായ കാൽസ്യം ലഭിക്കും. കാൽസ്യത്തിന്റെ അഭാവം രൂക്ഷമായി കാണുന്നുവെങ്കിൽ കാൽസ്യം നൈട്രേറ്റ് 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കാവുന്നതാണ്.